# അബുദാബി കിരീടാവകാശിയുടെ ഭാരത സന്ദർശനം (2024 സെപ്തംബർ 9-10)

2024 സെപ്തംബർ 07

പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ ക്ഷണപ്രകാരം, അബുദാബി കിരീടാവകാശി, ബഹുമാന്യനായ ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ 2024 സെപ്തംബർ 9-10 തീയതികളിൽ ഭാരതത്തിൽ ഔദ്യോഗിക സന്ദർശനം നടത്തും. അബുദാബിയുടെ കിരീടാവകാശി എന്നനിലയിൽ അദ്ദേഹത്തിൻ്റെ ആദ്യ സന്ദർശനമാണിത്. യു.എ.ഇ സർക്കാരിൽ നിന്നുള്ള നിരവധി മന്ത്രിമാരും ഒരു ബിസിനസ് പ്രതിനിധി സംഘവും അദ്ദേഹത്തെ അനുഗമിക്കും.

2. സെപ്തംബർ 9-ന്, ബഹുമാന്യനായ അബുദാബി കിരീടാവകാശി പ്രധാനമന്ത്രിയെ കാണുകയും വിശാലമായ ഉഭയകക്ഷി സഹകരണത്തിൻ്റെ വിവിധ മേഖലകളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യും. ഭാരതത്തിൻ്റെ രാഷ്ട്രപതിയെയും അദ്ദേഹം സന്ദർശിക്കും. മഹാത്മാഗാന്ധിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി രാജ്ഘട്ടും അദ്ദേഹം സന്ദർശിക്കും.

3. സെപ്തംബർ 10-ന് അദ്ദേഹം ഇരു രാജ്യങ്ങളുടെയും ബിസിനസ് നേതാക്കൾ പങ്കെടുക്കുന്ന ഒരു ബിസിനസ് യോഗത്തിൽ സംബന്ധിക്കുവാനായി മുംബൈ സന്ദർശിക്കും.

4. ഭാരതവും യു.എ.ഇ-യും ചരിത്രപരമായി വളരെ അടുപ്പമുള്ളതും സൗഹാർദ്ദപരവുമായ ഒരു ബന്ധമാണ് പങ്കിടുന്നത്. സമീപ വർഷങ്ങളിൽ, ഇന്ത്യയും യു.എ.ഇയും തമ്മിലുള്ള സമഗ്രവും തന്ത്രപ്രധാനവുമായ പങ്കാളിത്തം രാഷ്ട്രീയം, വ്യാപാരം, നിക്ഷേപം, കണക്റ്റിവിറ്റി, ഊർജ്ജം, സാങ്കേതികവിദ്യ, വിദ്യാഭ്യാസം, സംസ്കാരം എന്നിവയുൾപ്പെടെയുള്ള വിവിധ മേഖലകളിൽ വളരെ ആഴമേറിയതാണ്. കിരീടാവകാശിയുടെ സന്ദർശനം ഭാരത-യു.എ.ഇ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും പുതിയതും ഉയർന്നുവരുന്നതുമായ മേഖലകളിൽ പങ്കാളിത്തത്തിനുള്ള വഴികൾ തുറക്കുകയും ചെയ്യും.

**ന്യൂ ഡൽഹി**
**2024 സെപ്തംബർ 07**